## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6145 — 04.07.2019-ൽ മറുപടിയ്ക്ക്

### ട്രോളിങ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഈ സർക്കാർ വന്നതിനുശേഷം ട്രോളിങ് നിരോധനകാലത്ത് സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തൊക്കെ അധികസഹായങ്ങളാണ് നടപ്പാക്കിവരുന്നത്; ഇതിന്റെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുന്നു; വ്യക്തമാക്കുമോ; | (എ) | ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2700/-രൂപയിൽ നിന്ന് 4500/-രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്യുകയും ചെയ്ത് വരുന്നു. ഈ വർഷം മെയ് മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തു. ജൂൺ മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തു വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350/-രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം (2019-20) 1,95,817 മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. |
| (ബി) | ട്രോളിങ് നിരോധനകാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസകരമാകുംവിധം അടിയന്തര മത്സ്യവരൾച്ച പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യബന്ധനത്തിന് തടസ്സങ്ങളൊന്നുമില്ല. മത്സ്യവരൾച്ച പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ഇപ്രാവശ്യം നാളിതുവരെ ട്രോളിങ് നിരോധനം ലംഘിച്ച എത്ര ബോട്ടുകൾ പിടികൂടി; എവിടെനിന്നുള്ള ബോട്ടുകളെയാണ് പിടികൂടിയത്; പിഴ യിനത്തിൽ എത്ര തുക ഈടാക്കി; വ്യക്തമാക്കുമോ? | (സി) | 2019 ട്രോൾബാൻ ആരംഭിച്ച് നാളിതുവരെ 6 ബോട്ടുകൾ ട്രോളിംഗ് നിരോധനം ലംഘിച്ചതിന് പിടി കൂ ടിയിട്ടുണ്ട്. എറണാകുളത്ത് 5 ബോട്ടുകൾ തോപ്പുംപടി ഹാർബർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതുമായ തമിഴ്നാട് രജിസ്ട്രേഷൻ ഉള്ള ബോട്ടുകളാണ് പിടികൂടിയത്. ഇതിൽ 3 ബോട്ടുകൾക്ക് 2.5 ലക്ഷം രൂപ വീതം ആകെ 7.5 ലക്ഷം രൂപ പിഴ ഈടാക്കി. മറ്റ് രണ്ട് ബോട്ടുകൾ പിഴ ഒടുക്കാത്തതിനാൽ എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (Adjudication Officer) കസ്റ്റഡിയിലാണ്. കാസർഗോഡ് ട്രോളിംഗ് നിരോധനം ലംഘിച്ച തമിഴ്നാട് രജിസ്ട്രേഷൻ ഉള്ള ബോട്ട് ഇംപൗണ്ട് ചെയ്ത് 2.5 ലക്ഷം രൂപ പിഴ വിധിച്ചിട്ടുണ്ട്. പിഴ അടയ്ക്കാത്തതിനാൽ ടി ബോട്ട് കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**